പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7792 15.07.2014-ൽ മറുപടിയ്ക്ക്

## ആലപ്പുഴ ഇ.എം.എസ്.സ്റ്റേഡിയം നവീകരിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നവീകരണപദ്ധതി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പൂർത്തിയാക്കാൻ അടിയന്തിരനടപടി സ്വീകരിക്കുമോ ; | (എ) | ഉണ്ട്. 18.06.2014 തീയതിയിൽ ബഹു.കായികവകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വച്ച് ആലപ്പുഴ ഇ എം.എസ് മെമ്മോറിയൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിലവിലുള്ള സ്റ്റേഡിയം പരിശോധിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഫുട്ബോൾ കളിസ്ഥലമാക്കി ഉപയോഗിക്കുവാനുള്ള രൂപരേഖ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി സ്പോർട്സ് കൗൺസിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ; | (ബി) | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം നവീകരണത്തിനായി സ്പോർട്സ് കൗൺസിലിൽ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. |
| (സി) | സ്റ്റേഡിയം സ്പോർട്സ് ആവശ്യങ്ങൾക്കായി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (സി) | നിലവിൽ സ്റ്റേഡിയത്തിന്റെ മൂന്ന് വശത്തും ഗ്യാലറി ചെയ്തുകഴിഞ്ഞ സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 105 X 68 മീറ്റർ അളവിൽ പുൽത്തകിടിയുള്ള ഫുട്ബോൾ കളിസ്ഥലവും, അതിനോടനുബന്ധിച്ചുള്ള സൗകര്യങ്ങളും തയ്യാറാക്കുവാൻ മാത്രമെ സാധിക്കുകയുള്ളൂ. കൂടാതെ സിന്തറ്റിക് ഹൈജംപ്, ലോഗ്ജംപ്, 110 മീറ്റർ ലൈൻ ട്രാക്ക് എന്നിവ തയ്യാറാക്കാനുള്ള സ്ഥലം ലഭ്യമാണ്. എന്നാൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനുള്ള സ്ഥലം നിലവിലുള്ള ഗ്യാലറികൾക്കുള്ളിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ